*Celebrating Extraordinary Missionary Month October 2019…*

**Friday, 25 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ഏഴാം വെള്ളി

Mt 16:5-12

പുളിമാവ്

Fr. Winson Moyalan CMI

രണ്ടാമതും അപ്പം വർദ്ധിപ്പിച്ചതോടെ വിറളി പിടിച്ച ഫരിസേയരും സദുക്കായരും അവൻ ആരെന്നതിന് അടയാളം ആവശ്യപ്പെടുമ്പോൾ, പ്രകൃതിയുടെ ഭാവമാറ്റങ്ങളിൽ നിന്നും, അതുമല്ലെങ്കിൽ യോനായുടെ അടയാളത്തിൽ നിന്നും പാഠം പഠിക്കുക എന്ന ഉത്തരം നല്കി അവരെ തിരിച്ചയയ്ക്കുന്നു. തുടർന്ന് "ഫരിസേയരുടേയും സദുക്കായരുടേയും പുളിമാവിനെ സൂക്ഷിച്ചു കൊള്ളണ"മെന്ന ഉപദേശവും അവർക്ക് നല്കുന്നു.

പുളിമാവ് അപ്പവുമായി ബന്ധപ്പെട്ട ഒന്നായതിനാൽ ബാക്കി വന്ന ഏഴ് കുട്ട അപ്പകഷണങ്ങൾ, വിജാതീയർ തിങ്ങിപാർക്കുന്ന മറുകരയിലേയ്ക്ക് എടുത്തു കൊണ്ടുവരാൻ മറന്നു പോയതിനെ ശാസിക്കുകയാണെന്ന് അവർ തെറ്റിദ്ധരിച്ചു. (7)
വിജാതീയർ നിർമ്മിച്ച അപ്പം അവർക്ക് നിഷിദ്ധമാണല്ലോ ?

ഈ പുളിമാവിനെ രണ്ട് തരത്തിൽ വ്യാഖ്യാനിക്കാം:

മൂന്നിടങ്ങഴി മാവിനെ പുളിപ്പിക്കാൻ ഒരു സ്ത്രീ ഒഴിച്ചു വയ്ക്കുന്ന ഒരു നുള്ള് പുളിമാവ്
(Mt 13: 33)
വളർന്ന് വികസിക്കാനിരിക്കുന്ന സ്വർഗ്ഗരാജ്യത്തെ സൂചിപ്പിക്കാനാണ് യേശു ആ ഉപമ പറയുന്നത്.

എന്നാൽ ഇന്ന് യേശു പറഞ്ഞ പുളിമാവിന്റെ ഉപമ ഫരിസേയരും സദുക്കായരും സമൂഹത്തിൽ വർഷിച്ചു കൊണ്ടിരിക്കുന്ന ഉതപ്പിനെക്കുറിച്ചുള്ള മുന്നറിയിപ്പാണ്. അതിൽ നിന്നും സമൂഹത്തെ രക്ഷിച്ചെടുക്കാനുള്ള കടമയാണ് കിസ്തുശിഷ്യർക്കുള്ളത്. യേശുവിന്റെ നാമത്തിൽ മഴക്കാലത്ത് പൊന്തി മുളയ്ക്കുന്ന കൂണുപ്പോലെ പല വിഭാഗങ്ങളും ഉയർന്നു വന്നുകൊണ്ടിരിക്കുന്നു.

യേശുവിന്റെ യഥാർത്ഥ വിഭാഗമായ കത്തോലിക്കാ സഭയിലും കടന്നു കയറിയിട്ടുള്ള സമ്പത്തിന്റേയും സ്ഥാപനങ്ങളുടേയും അധികാരത്തിന്റേയും അതിപ്രസരവുമൊക്കെ ഈ പുളിമാവ് തന്നെ. ദൈവവചനപ്രഘോഷണത്തിലെ ഏറ്റവും വലിയ തടസമാണത്. ഫരിസേയരുടേയു നിയമജ്ഞരുടേയും സമ്പത്തും, അധികാര

പ്രമത്തതയുമാണല്ലോ അവരെ വെള്ളയടിച്ച കുഴിമാടങ്ങൾ, അണലി സന്തതികൾ എന്നൊക്കെ വിളിക്കാൻ യേശുവിനെ പ്രേരിപ്പിച്ചത്. ( 23: 1ff)

യഹൂദമതത്തിന്റെ പാരമ്പര്യങ്ങളും, അനുഷ്ഠാനങ്ങളുമാകുന്ന താങ്ങാനാവാത്ത |നുകത്തിന്റെ  കീഴിൽ ഞെരിഞ്ഞമരുന്ന സാധാരണ ജനത്തിന്റെ അവസ്ഥയാകുന്ന  പുളിമാവിനെ സൂക്ഷിക്കണമെന്നാണ് യേശു ശിഷ്യർക്ക് നല്കുന്ന മുന്നറിയിപ്പ്.

*Published by*
CMI General Department of Evangelization and Pastoral Ministry